
# സ്നിഗ്ദ്ധം





**ജി.എം.എം.ജി.എച്ച്.എസ്.എസ്, പാലക്കാട്**




കേരള സർക്കാർ  സംരംഭമായ കൈറ്റിന്റെ ആഭിമുഖ്യത്തിൽ പൊതുവിദ്യാലങ്ങളിലെ കുട്ടികളെ ഐ.ടി മേഖലയിലേക്ക് നയിക്കാൻ സ്ഥാപിതമായ  ലിറ്റിൽ കൈറ്റ്സിന്റെ ആദ്യനേട്ടം .... ഡിജിറ്റൽ മാഗസീൻ!

പ്രഗത്ഭരായ അധ്യാപകരുടെയും പ്രയത്ന ശാലികളായ വിദ്യാർത്ഥിനികളുടേയും അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണിത്. സാഹിത്യത്തിന്റെ ചാരുതയും വിവരസാങ്കേതിക വിദ്യയുടെ കൃത്യതയും ഇവിടെ സമന്വയിക്കുന്നു . ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.





വിസ്മയലോകം വിരൽത്തുമ്പുകളിലേക്കാവാഹിച്ച കൊണ്ട്
വിവരസാങ്കേതികവിദ്യ മുന്നേറുന്നു. നമ്മുടെ വിദ്യാലയങ്ങൾ ഹൈ-
ടെക് പദവിയിലേക്ക് കയറി നിൽക്കാനൊരുങ്ങുകയാണ്.
നൂതനകളാവിഷ്ക്കരിക്കാൻ  വെമ്പുന്ന കുഞ്ഞു മസ്തിഷ്കങ്ങൾ
ഉണർവ്വോടെ സന്നദ്ധരായാൽ ഏതു മായികലോകവും അവർക്കു
മുന്നിൽ കവാടങ്ങൾ തുറന്നിടുമെന്നതിന്റെ ഒരു സാക്ഷ്യമാണിത്...
സാഹിത്യത്തിന്റേയും ശാസ്ത്രത്തിന്റേയും സംഗമത്തിന്റെ
സ്നിഗ്ദ്ധത ഇവിടെ സംവേദ്യമാകുന്നു.
അഭിനന്ദനങ്ങൾ...ആശംസകൾ....


ശ്രീ. ശിവദാസൻ.കെ
(അഡീഷണൽ എച്ച്.എം)



ഐ.ടി മേഖലയിൽ വിദ്യാർത്ഥിനികളെ കഴിവുറ്റവരാക്കി മാറ്റുന്ന ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്ക്കൂളിൽ തയ്യാറാക്കിയ 'സ്നിഗ്ധം'  ഡിജിറ്റൽ മാഗസിൻ ഞങ്ങൾ ഏറെ അഭിമാനത്തോടെ നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു

മാഗസിൻ തയ്യാറാക്കുന്നതിനായി പ്രവർത്തിച്ചവർക്കെല്ലാം ആശംസകൾ നേരുന്നതിനോടൊപ്പം ഇത് കുട്ടികളുടെ ഭാവിയിലേക്കുള്ള പുതു ചുവടുവെപ്പായിത്തീരട്ടേയെന്നും പ്രാർത്ഥിക്കുന്നു



ശ്രീ.ദാവൂദ് എസ്

(പി.ടി.എ. പ്രസിഡന്റ്)

# താളുകൾ മറിക്കുമ്പോൾ

1) സ്നേഹനിധിയാണെൻ അമ്മ
2) ദൈവത്തിൻ സ്വന്തം നാട്
3) വിറക് പോലെ അമ്മ
4) കുട്ടുകാരി
5) കാക്കരിശ്ശി നാടകം
6) നാട്ടിലെ വേല
7) ലാവണ്ടർ പൂക്കളെവിടെ?
8) അടൂർ ഗോപാലകൃഷ്ണൻ
9) പ്രിയേ നിനക്കു വേണ്ടി
10) ഇടശ്ശേരി ഗോവിന്ദൻനായർ
11) പടയണി
12) പെൺ കനവ്
13) നോവുന്ന മനം
14) അമ്മേ നിനക്കായി മാത്രം
15) മട്ടന്നൂർ ശങ്കരൻകുട്ടി
16) മഴയത്ത് നടന്നു പോകുന്ന അച്ഛനും മകനും
17) മാധവിക്കുട്ടി
18) വായനാ ശീലം
19) സ്റ്റീഫൻ ഡബ്ള്യു ഹോക്കിങ്
20) എം.ടി.വാസുദേവൻ നായർ
21) കമ്പിളി വിൽപ്പനക്കാർ

22) പി.ഭാസ്കരൻ
23) ശാന്തത
24) മഴകിലുക്കം
25) ആത്മസുഖം
26) മാതൃസ്നേഹം
27) പുലരി പ്രഭ
28) കവിത
29) വിട
30) നന്മ
31) ഏകാന്തത
32) പ്രളയം

# സ്നേഹനിധിയാണെൻ അമ്മ

കടലോളം വാത്സല്യം
കോരിത്തരുന്നൊരു സ്നേഹത്തിൻ

ജീവിതമാകുന്ന നീണ്ടൊരു
നൗകയെ തുഴയാൻ ഗ്രഹി-
പ്പിപ്പതും നമ്മളെയമ്മ.......

അമ്മയെന്ന ഈ രണ്ടക്ഷരത്തിൽ
മാത്രം ഒതുങ്ങുന്നതല്ല മാതൃത്ത്വം
ജീവിതകാലം മുഴുവനായ് നമ്മേ
വഴിനടത്തും 'അമ്മ'.......



ലോകം വലുതാണ്, മനുഷ്യർ
ചെറുതാണ്, ലോകമാതാവാ-
ണെൻ 'അമ്മ'.......

എപ്പോഴും മറക്കാതിരിക്കുന്ന
സ്നേഹമല്ല ആത്മാർത്ഥമാം സ്നേഹം
എന്ത് നടന്നാലും വെറുക്കാതെ
ഇരിക്കുന്നതാണ് ആത്മാർത്ഥമാം
'അമ്മ' സ്നേഹം........!

# ദൈവത്തിൻ സ്വന്തം നാട്

എന്റെ സ്വന്തം നാട്
പുണ്യമായ നാട്
പുഴയും മലയും കടലും കടന്ന്
വിദേശികളെത്തും നാട്
ജാതി മത ഒത്തൊരുമയുള്ള നാട്
വിവിധതര കലകൾ ആസ്വദിക്കും നാട്
അമ്പലം, പള്ളികൾ നിരന്നു നിൽക്കും നാട്
ഞങ്ങളുടെ സ്വന്തം നാട്
ദൈവത്തിൻ സ്വന്തം നാട്
കേരളം എന്ന നാട്



# വിറക് പോലെ അമ്മ

സൂര്യനുദിച്ചു നിൽക്കവേ അവളും ഉദിച്ചു നിന്നു
ചന്ദ്രൻ അസ്തമിച്ചപ്പോഴും അവൾ
അസ്തമിക്കുവാൻ തയ്യാറായില്ല,
കത്തി നിൽക്കുന്ന, അടുപ്പിന് സമമാണവൾ
അവളുടെ ജീവിതം തന്നെ
ഭക്ഷണം പാകം ചെയ്യുന്ന പോലെയാണ്
മനുഷ്യനെയും പാകം ചെയ്യുവാൻ കഴിയുന്ന
ഒരെ ഒരു ശക്തിയാണവൾ
ഞങ്ങളെയെല്ലാം അവൾ തൻെറ,
ശരീര അവയവങ്ങൾ പോലെ സൂക്ഷിച്ചു
ഇത്തിരി പൊടിപോലും ഏൽക്കാതെ,
ഞങ്ങൾക്കു വേണ്ടിമാത്രം
ധാരാളം മഴകൾ സൃഷ്ടിച്ചിട്ടുള്ളവളാണ് അവൾ
ഞങ്ങളുടെ കൽപ്പന അവൾ പുഷ്പം പോലെ
ചെയ്തു തന്നു.
എന്നാൽ അവളുടെ കൽപ്പന ഞങ്ങൾചവറു പോലെ എടുത്തു
കളഞ്ഞു
കഴിഞ്ഞു പോയ ദിനങ്ങൾ ഓർക്കുമ്പോൾ
അരുവിയായി ഒഴുകുന്നു എൻ കണ്ണുനീർ.
അമ്മേ നീ എവിടെ പോയി?
കത്തിതീർന്ന വിറകുപോലെ.



# കൂട്ടുകാരി

മനമൊന്ന് നോവുമ്പോൾ
മനസൊന്ന് തുറക്കാൻ
കണ്ണൊന്ന് നിറയുമ്പോൾ
തലയൊന്ന് ചായ്ക്കുവാൻ
തണലായ് കരുത്തായ്
എനിക്കുമുണ്ടൊരു കൂട്ടുകാരി



നൃത്തത്തിലെ ചുവടുകൾ പിഴയ്ക്കുമ്പോൾ
പാട്ടിലെ രാഗം തെറ്റുമ്പോൾ
അവയെ മഷിത്തണ്ടാൽ മാച്ച്
ശരിയാക്കി മാറ്റിയ എൻ പ്രിയ കൂട്ടുകാരി
ഈ അധ്യയന വർഷം കഴിമ്പോൾ
നാമൊരുമിച്ച് പടിയിറങ്ങുമ്പോൾ
ബാല്യവും, കൗമാരവും, കളിയാടിയ
ആ നല്ല നാളുകൾ ഞാൻ
ഓർക്കുന്നു

പള്ളിക്കൂടത്തിലെ നാല് ചുവരുകൾക്കുള്ളിൽ
തുടങ്ങിയ സൗഹൃദം......
ജീവിതാവസാനം വരെ തുടരാൻ
ഇനി ഞാൻ എന്തു ചെയ്യണം ???

എന്നെങ്കിലും, എവിടെവച്ചെങ്കിലും
കണ്ടുമുട്ടുമ്പോൾ ഒരു ചെറു
പുഞ്ചിരി മാത്രം മതിയെനിക്ക് !!!!

# കാക്കരിശ്ശി നാടകം

കേരളത്തിലെ നാടോടികളായ കാക്കാലന്മാർ പരമ്പരാഗതമായ രീതിയിൽ അവതരിപ്പിച്ചു വരുന്ന ആക്ഷേപഹാസ്യ നാടകമാണ് കാക്കരിശ്ശി നാടകം. സംഗീതം, സംഭാഷണം, നൃത്തം, ആംഗികാഭിനയം തുടങ്ങിയവ ഉൾച്ചേർന്ന കലാരൂപമാണ് കാക്കരിശ്ശി നാടകം. മധ്യതിരുവിതാംകൂറിനു തെക്കോട്ടുള്ള പ്രദേശങ്ങളിൽ നിലനിന്നു പോന്നിരുന്ന ഒരു നാടൻ കലയാണിത്.മധ്യതിരുവിതാംകൂറിൽ പാണൻമാർ, കമ്മാളന്മാർ എന്നിവരും, തെക്ക് ഈഴവരും കുറവരുമാണ് ഇവ അവതരിപ്പിക്കുന്നത്.കാക്കരിശ്ശി കളി, കാക്കാലച്ചി- നാടകം, കാക്കാരുക്കളി എന്നും കേരളത്തിന്റെ ചില ഭാഗങ്ങളിൽ അറിയപ്പെടുന്നു.ശിവൻ, പാർവ്വതി, ഗംഗ തുടങ്ങിയ പുരാണ കഥാപാത്രങ്ങളെ അടിസ്ഥാനമാക്കിയാണ് നാടകങ്ങൾ അരങ്ങേറുന്നത്.ഇവർ സമൂഹത്തിൽ ഏറ്റവും താഴ്ന്ന സമുദായമായ കാക്കാലന്മാരുടെ ഇടയിൽ ജനിക്കുന്നതായാണ് കഥയുടെ പ്രധാന ചട്ടക്കൂട്.മൂന്ന് പ്രധാന തരങ്ങളിലാണ് കാക്കരിശ്ശി നാടകം അവതരിപ്പിച്ച് വരുന്നത്.



# നാട്ടിലെ വേല

നാട്ടിലെ വേല....... ആഘോഷങ്ങൾ എന്നു കേട്ടാൽ തന്നെ എല്ലാവർക്കും പ്രിയങ്കരമാണ് എനിക്ക് ആഘോഷം എന്നു കേട്ടാൽ എന്റെ വീടിന്റെ കുറച്ചുദൂരെയുള്ള മണപ്പുള്ളികാവ് ഭഗവതി ക്ഷേത്രത്തിലെ ഉത്സവമാണ് ഓർമയിലെത്തുന്നത്.പ്രമുഖമായ വലിയൊരു ഉത്സവംതന്നെയാണത്.കാലത്തെ നേർത്തെയെണിച്ച് എല്ലാവരും ദേവിയെ തൊഴാൻ ക്ഷേത്രത്തിൽ എത്തും. എല്ലാ വർഷവും ഈ ഉത്സവം നടന്നു വരുന്നു.

കുംഭമാസത്തിലാണ് ഈ ഉത്സവം നടക്കാറുള്ളത്. ക്ഷേത്രത്തിൽ വൈകുന്നേരത്ത് ,15 ആനകളും, തായ്യപ്പകവും, കൊട്ടും, മേളവുമെല്ലാം അരങ്ങേരാറുണ്ട്.കുട്ടികളുടെയും മുതിർന്നവരുടെയും കലാപരിപാടികളും.മണപ്പുള്ളി വേല എന്നാൽ എനിക്ക് വളരെ ഇഷ്ടമാണ് കാരണം കുടുംബക്കാർ എല്ലാവരും വീട്ടിൽ എത്തിച്ചേരാറുണ്ട്.അതുകൊണ്ട്തന്നെ എനിക്ക് മണപ്പുള്ളി വേല പ്രിയപ്പെട്ട ഉത്സവമായി.



# ലാവണ്ടർ പൂക്കളെവിടെ ?


എവിടെപ്പോയി ?ഞാൻ കണ്ട താഴ്വരകൾ
ലാവണ്ടർ നിറമുള്ള പൂക്കൾ വിതറിയപൂഞ്ചോടുകൾ
കുളിർതെന്നൽ വീശിക്കളിച്ചി കൊഴിച്ചിട്ട പച്ചിലകൾ
നീലിമയാൽ കുതിച്ചുചാടിയ കുളിർ പൂഞ്ചോലകൾ

ഇന്നലെ നിദ്രയിൽ കണ്ടതാണോ?
ഇന്നതു മണ്ണിൽ നിന്നകന്നുപ്പോയോയ
എവിടെ? കിളികളും കിളിച്ചുമണ്ടൻമാമ്പഴവും
പൂക്കളും പൂന്തേനും പൂമ്പൊടിയേറ്റൊരാപൂമ്പാറ്റയും

ഇന്നിതാകാണുന്നു വെറും മരുപ്രദേശങ്ങൾ!
ഉണങ്ങി വളഞ്ഞു പുളഞ്ഞമരങ്ങൾ!
ചൂടുള്ളകാറ്റുകൾ എന്നെ ഉരുക്കിതലർത്തീടുമ്പോൾ
ഞാനറിയുന്നിതായെന്റെ ഭൂമിതൻ തീരാനൊമ്പരങ്ങൾ.....



# അടൂർ ഗോപാലകൃഷ്ണൻ



1941 ൽ അടൂരിൽ ജനനം. പതിനൊന്ന് കഥാചിത്രങ്ങളും മുപ്പതിലേറെ ഹ്രസ്വചിത്രങ്ങളും സംവിധാനം ചെയ്ത് ,നിരവധി ദേശീയ-അന്തർദേശീയ ബഹുമതികൾ ലഭിച്ചു. സ്വയംവരം, കോടിയേറ്റം, എലിപ്പത്തായ, മുഖാമുഖം, അനന്തരം, വിധേയൻ, മതിലുകൾ, നിഴൽക്കുത്ത് എന്നിവ പ്രധാനചിത്രങ്ങൾ. മികച്ച സിനിമയ്ക്കുള്ള അന്തർദേശീയ അവാർഡ് ആറു തവണ ലഭിച്ചു. പത്മശ്രീ, പത്മവിഭൂഷൺ, ഫാൽക്കെ പുരസ്കാരങ്ങൾ ലഭിച്ചു. സിനിമയുടെ ലോകം, സിനിമാനുഭവം, സിനിമാ സാഹിത്യം, ജീവിതം സിനിമ സംസ്കാരം എന്നീ ഗ്രന്ഥങ്ങൾ രചിച്ചു.

# പ്രിയേ നിനക്കുവേണ്ടി

നിന്റെ കാൽപ്പാദം പതിയുമ്പോൾ
ഞാനോടിയെത്തും നിൻ മുഖം കാണുവാൻ
നിയെന്നെ നോക്കുമെന്ന തോതിൽ ഞാൻ
നേരം കുറേയായി നാളേറയായി
വിനീതയാം ഞാൻ നോക്കും നേരം
താമരമൊട്ടുപോൽ നീ തല താഴ്ത്തും
പിന്നെയും പിന്നെയും ഞാൻ നിന്നെ കാണാൻ,
അപ്പുറത്തെത്തി ഓടീയെത്തി
താടുമ്മ കൈവെച്ച ഞാൻ കാത്തിരുന്നു
നീയെന്നെ നോക്കാതെ നോക്കാതെ
അൽപ്പനേരം ഞാൻ വിശ്രമിച്ചു,
പിന്നെ, പിന്നെയും ഓടിയെത്തീ ഞാൻ
നീയെന്നെ നോക്കാതെ മറഞ്ഞിരുന്നു
നിനക്കൊരു ശല്യമാണെങ്കിലും ഞാൻ
നിൻ നിഴലായി നിൻ തണലായി
കൂടെ നിൽക്കും അന്ത്യം വരെ.....



# ഇടശ്ശേരി ഗോവിന്ദൻനായർ



പൊന്നാനിയിൽ ജനനം. കൂട്ടുകൃഷി,പുത്തൻ കലവും അരിവാളും, കാവിലെ പാട്ട്, ഒരുപിടി നെല്ലിക്ക, അന്തിത്തിരി, കറുത്ത ചെട്ടിച്ചികൾ എന്നിവ പ്രധാന കൃതികൾ. മലബാറിലെ കേന്ദ്ര കലാസമിതിയുടെ പ്രസിഡന്റ്, സാഹിത്യപ്രവർത്തക, സഹകരണ സംഘം ഡയറക്ടർ എന്നീ നിലകളിലിൽ പ്രവർത്തിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി അവാർഡ്, ആശാൻ പ്രൈസ് എന്നിവ ലഭിച്ചിട്ടുണ്ട്.

# പടയണി

പ്രാചീനകാലത്തെ ഗണക സമൂഹത്തിലെ ഒരു വിഭഗമാരുന്ന കണിയാന്മാർ ആചരിച്ചിരുന്ന സമാനമായ ഒരു നൃത്തരൂപത്തിൽ നിന്നാണ പടയണി ഉത്ഭവിച്ചതെന്ന് സൂചിപ്പിക്കുന്ന തെളിവുകൾ ലഭ്യമായിട്ടുണ്ട്.പ്രേതബാധയൊഴിപ്പിക്കാനുള്ള രീതിയായിരുന്നു ഈ മതാനുഷ്ഠാനം. പ്രേതബാധയുണ്ടെന്ന് സംശയിക്കുന്ന രോഗിയെ പിണിയാൾ എന്നു വിളിക്കുക. കോലങ്ങൾ ധരിച്ച നർത്തകരുടെ നടുവിൽ പിണിയാളെ ഇരുത്തുന്നു. അസുരചക്രവർത്തിയായ ധരികനെ ശിവപുത്രിയായ ഭദ്രകാളി നിഗ്രഹിക്കുന്നതുമായി ബന്ധപ്പെട്ടാണ് പടയണിയുടെ ഐതിഹ്യകഥ.

കുംഭം, മീനം, മാസങ്ങളിലാണ് പടയണി നടക്കാറ്. പന്ത്രണ്ട് ദിവസത്തോളം നീണ്ടു നിൽക്കുന്ന പടയണിയുടെ ഒന്നാം ദിവസത്തെ ചടങ്ങ് ചുവടുവെപ്പോടുകൂടി ആരംഭിക്കുന്നു. പടയണി നടക്കുന്നു എന്ന വിവരമറിയിക്കാൻ എത്തുന്ന വാദ്യമേളമാണ്  കാച്ചിക്കെട്ട്.



# പെൺ കനവ്

കനവുകൾ താണ്ടിയും പൂമണം വീശിയും അറിയാതെ
പോയതെന്തെ ?
എത്രയോ ജന്മമായ്, എത്രയോ കാലമായ്
രാവുകൾ മിഴിക്കുന്നു ഞാൻ
ജീവിതം കോലാഹാലമായ് മാറുമ്പോൾ
കൂടെ നിൽക്കാത്തതെന്തെ ?
കടലുകൾ കടന്നെന്റെ രാശിയെ
തേടുമ്പോൾ വന്നെത്താത്തതെന്തെ ?
ദൈവമേ നിൻ തുണ ജീവിതം ആകെയും
ഞാനും ഒരു മഹിളയല്ലെ ???



# നോവുന്ന മനം

ആരുടെ കൈയിൽ നീ സ്വന്തമാണെങ്കിലും
എൻ കൈയ്യിലിന്നും നീ പൊന്നുപോലെ
ചന്തമേ നീയിന്നും ഐശ്വര്യം എന്റെ
വീടിന്റെ വിളക്കെന്നപോലെ
അഭിമാനമഭിമാനമെന്നെന്നുമേ എന്റെ
മനസ്സിന്റെ താളിലെ പൊന്നോമനേ
രാരീരം രാരീരം രാരീരാരോ
കുഞ്ഞുകുഞ്ഞാറ്റെ നീയിന്നിന്നെന്റെ മാത്രം
സൂര്യനുദിക്കുമ്പോ ഞാനൊന്നു നോക്കുമ്പോ
നിന്റെ പുഞ്ചിരി ഞാൻ കാണുമല്ലോ
ഓരോരോ നാളും കൊഴിയുമ്പോ
നീയിന്നു തണലായ് മാറും നേരം
നീയൊന്നു മായുമ്പോ നോവുന്നു മനം
എന്നാലുമെന്നാലും നോവുന്നു
ആശ്വാസമാശ്വസമെന്നെന്നുമേ
നിന്നെ കാണുമ്പോ സന്തോഷമേന്മയല്ലോ
വാവേ.....നിന്നെ കണ്ടമുതൽ ,എന്റെ
ജീവിതരേഖയേ മാറിയല്ലോ
ആരുടെ കൈയിൽ നീ സ്വന്തമാണെങ്കിലും
എൻ കൈയിൽ നീ പൊന്നുപോലെ.....



# അമ്മേ നിനക്കായ് മാത്രം

നിൻമുലപ്പാലിന്റെ മാധുര്യമെന്നും
ഉന്മയിലേക്ക് നയിക്കുമെന്നെ
വിവേകവും, വിജ്ഞാനവും കണ്ടു ഞാൻ നിന്നിൽ
പഠിച്ചോണ്ടിരിക്കയാ ഞാനിന്നമ്മേ
നിന്നെ ഞാൻ നോക്കുന്ന നേരം സുമേ.....
പൂത്തിരീം മത്താപ്പും മിന്നുമെൻ നയനത്തിൽ
ഇഷ്ടമാണിഷ്ടമാണൊരുപാടെനിക്കമ്മേ
അറിയുമോ രാജകുമാരി നിനക്കത്
മുത്തുകൾ കോർത്തിണക്കിയ പല്ലുകൾ കൊണ്ടാണ്
പുഞ്ചിരി നൽകുമോ ഇന്നെനിക്കമ്മേ
നിൻ പുഞ്ചിരിയൊന്ന് കണ്ടാൽ പിന്നെ
വെണ്ണയൂട്ടേണ്ട വയറു കവിയും
സൂര്യനെ പോലെ വെളിച്ചം പകർന്നമ്മ
ചന്ദ്രനെ പോലെ നിലാവ് പകരുന്നമ്മയെ
ചുംബന പൂക്കൾ മൂടട്ടെ ഞാൻ
നിന്റെ കഴിവുകൾ ഒരുപാടാണമ്മേ
തിരികെ തരാൻ നല്ല നന്മകൾ മാത്രം.....



# മട്ടന്നൂർ ശങ്കരൻകുട്ടി



കേരളത്തിലെ പ്രശസ്തനായ വാദ്യകലാകാരനാണ് മട്ടന്നൂർ ശങ്കരൻകുട്ടി. തായംബകയിലൂടെയാണ് ഇദ്ദേഹത്തിന് കൂടുതൽ പ്രശസ്തിയെങ്കിലും ഇതിനു പുറമേ മറ്റു ചെണ്ടമേളങ്ങലിലും പഞ്ചവാദ്യങ്ങളിലും അതീവനിപുണനനാണ്. വാദ്യകലയിലെ മികവിന്റെ അംഗീകാരമായി 2009-ൽ ഭാരതസർക്കാരിന്റെ പത്മശ്രീ പുരസ്കാരം ലഭിച്ചു. ഇതിനുപുറമേ കേരള സംഗീത നാടക അക്കാദമി, കേരള കലാമണ്ഡലം, കേന്ദ്ര സംഗീത നാടക അക്കാദമി എന്നിവയുടെയും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കേരളത്തിലെ വാദ്യമേളങ്ങളുടെ ഉന്നത സ്ഥനമായി കണക്കാക്കുന്ന തൃശ്ശൂർ പൂരത്തിൽ എട്ടു വർഷം തിരുവമ്പാടി വിഭാഗത്തിന്റെ മേളപ്രമാണക്കാരനായിരുന്നു. യുവാവായിരിക്കെ തന്നെ ഏറ്റവും കഴിവുറ്റ തായംബകക്കാരനായി പേരെടുത്തു. താളസ്ഥിതി, സാധകം, ശബ്ദഭംഗി, കാലപ്രമാണം, ഭാവം, സംഗീതം എന്നിങ്ങനെ വാദ്യകലാകാരന് വേണ്ട സിദ്ധികൾ മട്ടന്നൂരിൽ സജ്ജമാണ്. പഴമ നിലനിർത്തികൊണ്ടുതന്നെ ട്രിപ്പിൾ തായംബകയിൽ സ്വന്തം ശൈലിയുണ്ടാക്കി. പഞ്ചാരി, പഞ്ചവാദ്യം, വാദ്യമഞ്ജരി, ശ്രുതിമേളം എന്നീ സംബ്രദായങ്ങൾക്ക് നേതൃത്വം നൽകി. ഇന്ത്യയിലെംബാടും സഞ്ചരിച്ച് ചെണ്ടമേളങ്ങൾ നടത്തുകയും കിഴക്കിന്റെയും പടിഞ്ഞാറിന്റെയും ചെയ്ത ശങ്കരൻകുട്ടി ചെണ്ടവായനയിൽ കാലാനുസൃതമായ മാറ്റങ്ങളും പരീക്ഷണങ്ങളും നടത്തുന്നതിൽ താൽപര്യം കാണിച്ചു. മട്ടന്നൂരിന്റെ തായംബക ചെണ്ടയുടെ പാരംബര്യമായുള്ള മേളങ്ങളിൽ നിന്നും വ്യതിചലിച്ചവയായിരുന്നു.

# മഴയത്ത് നടന്നു പോകുന്ന അച്ഛനും മകനും



# മാധവിക്കുട്ടി (കമലാസുരയ്യ) (1934 -2009)



തൃശ്ശൂർ ജില്ലയിലെ പുന്നയൂർകുളത്ത് ജനിച്ചു. മലയാളത്തിലും ഇംഗ്ലീഷിലും ഒരുപോലെ പ്രശ്സതയായ എഴുത്തുകാരി. മലയാളത്തിൽ 'മാധവിക്കുട്ടി' എന്ന പേരിലുമാണ് അവർ രചനകൾ നടത്തിയിരുന്നത്. വയലാർ അവാർഡ് , എഴുത്തച്ഛൻ പുരസ്കാരം , കേരള സാഹിത്യ അക്കാദമി പുരസ്കാരം ,ഏഷ്യൻ വേൾഡ് പ്രൈസ് , ഏഷ്യൻ പൊയട്രപ്രൈസ് , കെന്റ് അവാർഡ് എന്നിവ ലഭിച്ചു .

കടൽ മയൂരം, ഭയം എന്റെ നിശാവസ്ത്രം, എന്റെ സ്നേഹിത അരുണ, ചുവന്ന പാവാട, പക്ഷിയുടെ മണം, തണുപ്, മാനസി, എന്റെ കഥ, ബാല്യകാലസ്മരണകൾ, വർഷങ്ങൾക്കു മുൻപ്, ഡയറിക്കുറിപ്പുകൾ, നിർമാതളം പൂത്ത കാലം, നഷ്ടപ്പെട്ട നീലാംബരി, ചന്ദനമരങ്ങൾ, മനോമി, വീണ്ടും ചില കഥകൾ, ഒറ്റയടിപ്പാത, യാ അല്ലാഹ്, കവാടം, വണ്ടിക്കാളകൾ, കൽക്കട്ടയിലെ വേനൽ, കാമത്തിന്റെ അക്ഷരങ്ങൾ, പിതൃപരമ്പര, പഴയ കളിവീടും മറ്റു കവിതകളും, തിരഞ്ഞെടുത്ത കവിതകൾ, ഏങ്ങനെ പാടണമെന്ന് ആത്മാവിനേ അറിയൂ, ചൂളംവിളികൾ എന്നിവയാണ് പ്രധാന കൃതികൾ.

# വായനാശീലം

കൈയിൽ ഒരു വാളും പോക്കറ്റിൽ ഹോമറിന്റെ ഒരു ഗ്രന്ഥവും ഉണ്ടെങ്കിൽ ഞാൻ എന്റെ വഴി വെട്ടിത്തെളിക്കും.

- നെപ്പോളിയൻ

പുസ്തകത്തിലൂടെ വളരാത്തവർ വെറും മൃഗമാണ്.


-ഷേക്സ്പിയർ

വായിച്ചാലും വളരും വായിച്ചില്ലേലും വളരും,
വായിച്ചാൽ വിളയും വായിച്ചില്ലേൽ വളയും.

-കുഞ്ഞുണ്ണിമാഷ്



# എസ്.വി.വേണുഗോപൻനായർ



1946 ൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ കുളത്തൂർ (കാരാട്) ജനനം. കോളേജ് അധ്യാപകൻ, പ്രിൻസിപ്പിൾ എന്നീ നിലകളിൽ പ്രവർത്തിച്ചു.


കൃതികൾ:ഗർഭശ്രീമാൻ, ആദിശേഷൻ, തിക്തം തിമിരം, ഒറ്റപ്പാലം, കഥ കളതിസാരം, പരൈദൈവങ്ങൾ, വീടിന്റെ നാനാർഥം, വരുമ്പോൾ ഞാനെന്നു പറയും, രേഖയില്ലാത്ത ഒരാൾ, ഭൂമിപുത്രന്റെ വഴി. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

# സ്റ്റീഫൻ ഡബ്ള്യൂ ഹോക്കിങ്



ശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിങ്ങിനെക്കുറിച്ച് കേട്ടിട്ടിരിക്കുമല്ലോ. പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ച് നൂതനമായ അന്വേഷണങ്ങൾ നടത്തിയ ഹോക്കിങ് മോട്ടർ ന്യൂറോൺ എന്ന ഗുരുതരരോഗം ബാധിച്ച്, ശരിരം തളർന്ന് ജീവിതം പൂർണമായും വീൽച്ചെയറിലേക്ക് ഒതുക്കപ്പെട്ട  പ്രതിഭയാണ് സംസാരശേഷി നഷ്ടപ്പെട്ട, ആംഗ്യഭാഷയ്ക്ക് പോലും പറ്റാത്ത നിസ്സഹായാവസ്ഥയിങ്കിലും രോഗത്തിനു കീഴടങ്ങി ഒതുങ്ങിക്കൂടാൻ അദ്ധേഹം തയാറായില്ല. പ്രവർത്തനക്ഷമമായ ഒരേയൊരവവമായ വലതുകൈയിലെ ചൂണ്ടുവിരലുപയോഗിച്ച്, കംപ്യൂട്ടറിൽ തെളിയുന്ന അക്ഷരങ്ങൾ പെറുക്കിയെടുത്ത് ഹോക്കിങ് മഹത്തായ ആശയങ്ങൾ ലോകത്തിനു സമ്മാനിച്ചു. പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചും തമോഗർത്തങ്ങളെക്കുറിച്ചുമുള്ള അദ്ധേഹത്തിന്റെ സിദ്ധാന്തങ്ങൾ ഐൻസ്റ്റീനു ശേഷമുണ്ടായ ഏറ്റവും മഹത്തായ കണ്ടെത്തലുകളായി കണക്കാക്കപ്പെടുന്നു. a brief history of time അടക്കമുള്ള ശാസ്ത്രഗ്രന്ഥങ്ങൾ അദ്ധേഹത്തിന്റെ രചനകളാണ്.

# എം.ടി.വാസുദേവൻ നായർ



# കമ്പിളി വിൽപ്പനക്കാർ

തോടായി മാറിയ പുഴ കടന്ന്
വീടായി മാറിയ പാടംകടന്ന്
കർക്കിടകവർഷത്തിൽ വരവറിയി-
ച്ചുകൊണ്ടെത്തുന്ന കമ്പിളി വിൽപ്പനക്കാർ
വിണ്ടുകീറിയ പുഴകൾക്കിടയിലൂടെ
ചെറുകുടിലിൻ അരികിലൂടെ
എത്തുന്നവർ ഉപജീവനത്തിനായി
തുരപ്പൻ പണികൾ ഒപ്പിച്ചവർ
കള്ളൻ എന്ന പേരിനടിമയാകുന്ന
കൊക്കുകൾക്കുള്ള ജലം തീർന്ന കാലത്തി-
ൽ തിരിച്ചുപോകുന്ന മറ്റൊരിടത്തിലേക്ക്



# പി. ഭാസ്കരൻ (1924-2007)



കവി,ഗാനരചയിതാവ്, ചലച്ചിത്രകാരൻ, നവമാധ്യമപ്രവർത്തകൻ എന്നീ നിലകളിൽ പ്രശ്സതൻ.ദീർഘകാലം ആകാശവാണിയിൽ ജോലി ചെയ്തു.ദീപിക പത്രാധിപർ ,ഏഷ്യാനെറ്റിന്റെ ആദ്യചെയർമാൻ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. പത്മശ്രീ, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്,ഓടക്കുഴൽ അവാർഡ് ജെ.സി ഡാനിയേൽ അവാർഡ് എന്നീ ബഹുമതികൾക്ക് അർഹനായി.ഒറ്റക്കമ്പിയുലള്ള തംബുരു,ഓർക്കുക വല്ലപ്പോഴും,വയലാർ ഗർജ്ജിക്കുന്നു,ഓടക്കുഴലും ലാത്തിയും തുടങ്ങിയവ പ്രധാന കൃതികൾ.

# ശാന്തത



# കണ്ണീർത്തുള്ളികൾ

പേമാരി തോരാത്ത രാത്രിയിൽ
തണുത്തു വിറച്ച പൈതങ്ങളെ കൂട്ടി അമ്മ
വിറയാർന്ന ചുണ്ടുകളാൽ മഴയെ ശപിച്ച
ദിനങ്ങളത്രെയും തള്ളിനീക്കിടുംബോൾ
ഓലമേഞ്ഞകുടിലിനകമെല്ലാം
ചോർന്നൊലിച്ച അമ്മ മനസ്സും
പാവം കുരുന്നുകൾ വിശപ്പിനാൽ
വാവിട്ടു കരയുന്നതോരാത്ത മഴപോലെ
കരഞ്ഞു തളർന്നുറങ്ങിടുന്നതാ
രാത്രിയിൽ  അമ്മയും പൈതങ്ങളും
അപ്പോഴും നിർത്താതെ പെയ്തു
കൂട്ടുന്ന പേമാരിയാം ഘോരമഴ



# മഴകിലുക്കം

മഴയിൽ കുളിർന്നു ഞാൻ മുറ്റത്ത് നിൽപ്പൂ
നിൻ ഓരോ സ്പർശനങ്ങളും എന്നെ തഴുകി
മഴ തുള്ളികൾ പ്രകൃതിയെ മണി മുത്തുകളാക്കി
വർണ്ണത്തിളക്കത്തോടെ മഴ ഇതാ വന്നിരിക്കുന്നു.

പ്രകൃതിയെ സുന്ധമാക്കികൊണ്ട് കാർമേഘ-
ങ്ങളിൽ നിന്നും പിറന്നുവന്ന് മഴയോ .
ഭൂമിയുടെ സിരകളായി മാറിയ മഴയേ നീ ഈ
പ്രകൃതി സൗന്ദര്യത്തിന്റെ വർണ്ണങ്ങളാണ്.....



# ആത്മസുഖം



# മാതൃസ്നേഹം

നോവിതളുകൾ ചെറുപുഞ്ചിരിയായി
ഒരു കുഞ്ഞു ചെടിയിൽ നിറച്ചുവെച്ചുകൊണ്ട്
അമ്മയെന്ന രണ്ടക്ഷരത്തിന് ജന്മം
പുലരുമ്പോൾ......
പെയ്യാതെ ദൂരേയ്ക്ക് മാറിനിന്ന
മേഘത്തിൽ.....
വന്ന് കുളിരേകി ചെറുചൂടായി
കൂടെ നിന്നെന്നമ്മ......
വേദനയിലും എൻ വരവ് പുഞ്ചിരിയായി
മാറോട് ചേർത്തതെന്നമ്മ....
എന്നും കൂട്ടായി കൂടെനിന്ന് എന്റെ
കൈ പിടിച്ച്.....
ആദ്യ ചുവടികളിൽ പുഞ്ചിരിതൂകിയെൻ
അമ്മ....
എൻ ജീവിതത്തിൽ പ്രകാശനാളായി
വേദനകളെ പുഞ്ചിരിയാക്കി....
എൻ ജീവിതത്തെ വർണാത്മകമാക്കി മാറ്റി
എന്നും ഓർമയായ് എൻ അമ്മ മാത്രം........
ഇന്നും ഓർക്കാനായ് പുഞ്ചിരിതൂവി
നിൽക്കുന്ന എൻ അമ്മ...........



# പുലരി പ്രഭ

ചില സന്ധ്യകൾ ചോന്നു തുടിക്കാറില്ല
ചില മുകിൽ മാലകൾ പെയ്യൊഴിയാറില്ല
ചില രാത്രികൾ,നിലാവു പൊഴിക്കാറില്ല
ചില നേരം കാറ്റിനു ചന്ദന ഗന്ധമില്ല
ചില മോഹങ്ങൾ സഫലമാകാറില്ല
ചില നിമിഷങ്ങൾ മനസ്സിൽ നിന്ന് മായാറില്ല
ചില സത്യങ്ങൾ ആരും ഓർക്കാറില്ല
ചില ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാറില്ല
ചിലത് വരും മുമ്പെ പെയ്തൊഴിയും



# കവിത

കേരള മെന്നൊരു  നാടാണ്
കേളിയേഴുന്നൊരു   നാടാണ്
കേരള  നാടിൻ സംസകാരം
ഭാവിയിലേവരുമോർത്തിട്ടു

അമ്മേ ദേവി മൂകാംബികേ
അരുളേണെ നീ ഈ കേരളത്തേ
അടുത്തുവരുന്നീ  മക്കൾക്കായ്
അരുമയിൽ അനുഗ്രഹമരുളേണെ

പുഴകളും നദികളും ഒന്നായി
ചേരും സ്ഥലം കേരളമാണെ



# വിട



# നന്മ



# ഏകാന്തത



# പ്രളയം

പാവമാം കേരളം .......

പാവമാം  നമ്മുടെ പുണ്യനാട്....
പ്രളയത്തിൽ  മുങ്ങി   എൻ കൂട്ടക്കാർ
എങ്ങെങ്ങും സങ്കടത്തിൽ പെരു മഴ
ഭീഷണിയിൽ മുങ്ങി പുഴകളും
എങ്ങോട്ടു പോകുമെന്ന്  അറിയാത്ത മനുഷ്യർ
ഭക്ഷിക്കാൻ ഒന്നുമില്ല  പൈതലിൻ കരച്ചിൽ  ഉയർന്നു.....
വിട ചൊല്ലി പോയി കുറെ മനുഷ്യർ
ഒന്നുസഹിക്കാതെ മറ്റാരൊ
ഒറ്റക്കല്ല എൻ കേരളം ഞാനുണ്ട്
നിനക്കൊരു കൈ താങ്ങായി
ഒരു കെട്ടായി പൊരുതും നമ്മൾ
ജീവിതവസാനം വരെ.......



# എഡിറ്റോറിയൽ

## ചീഫ് എഡിറ്റർസ്







സുനിത.പി
(കൈറ്റ്സ് മിസ്ട്രസ്)

ലളിത.എസ്.വി
(കൈറ്റ്സ് മിസ്ട്രസ്)

സോളമൻ ഡേവിഡ്.സി
(SITC)

## സ്റ്റുഡന്റ് എഡിറ്റർ





രത്തിന.എസ്

മഹിത.യു

# കടപ്പാട്

*ഞങ്ങളുടെ മാഗസീൻ പൂർത്തീകരിക്കുവാൻവേണ്ടി എല്ലാ പ്രോത്സാഹനങ്ങളും നൽകിയ അധ്യാപകർക്കും, ശ്രീ.മുനാസിനും ഞങ്ങളുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു.*